**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1920** **31-08-2022 - ൽ മറുപടിയ്ക്ക്**

**തീരദേശ റോഡുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ (മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | പുതുക്കാട് മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന തീരദേശ റോഡുകളുടെ നവീകരണത്തിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഏതെല്ലാം റോഡുകളുടെ നവീകരണത്തിനാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) | മാറ്റത്തൂർ ഗ്രാമപഞ്ചായത്തിലെ വാസുപുരം മാത്തൂർ റോഡ്, നെൻമണിക്കര ഗ്രാമപഞ്ചായത്തിലെ ആർ.കെ. എൽ.പി സ്കൂൾ റോഡ് - പഴായി തുടങ്ങിയ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തി പുരോഗമിക്കുന്നു. കൂടാതെ തീരദേശ റോഡുകളുടെ പുനരുദ്ധാരണത്തിനായി 2022-23 വർഷത്തെ സർക്കാർ അംഗീകൃത ലിസ്റ്റ് നം. 1 പ്രകാരം സ്നേഹപുരം -കണച്ചൻകടവ് റോഡ്, നന്തിക്കര പള്ളിത്താഴം റോഡ്, പിഷാരിക്കൻ മണ്ടേപ്പാടം റോഡ്, കാരിക്കുളക്കടവ് റോഡ് തുടങ്ങി 4 റോഡുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത മണ്ഡലത്തിൽ കൂടുതൽ തീരദേശ റോഡുകൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നിർമിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | എം.എൽ.എ.യുടെ ശിപാർശയിന്മേൽ തീരദേശ റോഡുകളുടെ പുനരുദ്ധാരണത്തിന് സർക്കാർ അംഗീകൃത ലിസ്റ്റിൽ ആയത് ഉൾപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ